ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 13-03-2024**

## പ്രധാനവാർത്തകൾ

1. രാജ്യത്തെ അധസ്ഥിതരുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായാണ് കേന്ദ്രസർക്കാർ പ്രവർത്തിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

2. പൗരത്വ ഭേദഗതി നിയമത്തിനെതിരായ നിയമനടപടികൾക്കായി അഡ്വക്കേറ്റ് ജനറലിനെ ചുമതലപ്പെടുത്താൻ സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചു. സംസ്ഥാനത്ത് ഡിസൈൻ നയം രൂപീകരിക്കാനും മന്ത്രിസഭയുടെ അനുമതി.

3. കേരളത്തിലെ മത്സ്യമേഖലയിൽ 164.47 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചതായി മന്ത്രി സജി ചെറിയാൻ.

4. മീനമാസ പൂജകൾക്കും പൈങ്കുനി ഉത്രം മഹോൽസവത്തിനുമായി ശബരിമല ക്ഷേത്ര നട തുറന്നു.

5. സംസ്ഥാനത്ത് അന്തരീക്ഷ താപനില ഉയരുന്നു, പത്ത് ജില്ലകളിൽ മഞ്ഞ ജാഗ്രത.

6. ഐഎസ്എൽ ഫുടബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് മോഹൻ ബഗാനെ നേരിടും. കൊച്ചി കലൂർ സ്റ്റേഡിയത്തിലാണ് മത്സരം.

**************************************

## പി. എം സൂരജ്

രാജ്യത്തെ അധസ്ഥിതരുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായാണ് കഴിഞ്ഞ 10 വർഷമായി കേന്ദ്രസർക്കാർ പ്രവർത്തിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പിന്നാക്ക വിഭാഗങ്ങളിൽ നിന്നുള്ളവർക്ക് വായ്പാസഹായം ലഭ്യമാക്കുന്നതിനുള്ള ദേശീയതല പരിപാടിയ്ക്ക് തുടക്കം കുറിക്കുകയായിരുന്നു പ്രധാനമന്ത്രി. പിഎം സൂരജ് ദേശീയ പോർട്ടലിൻറെ പ്രകാശനവും അദ്ദേഹം ഓൺലൈനായി നിർവഹിച്ചു. ദുർബല വിഭാഗങ്ങളിൽ നിന്നുള്ള ഒരു ലക്ഷം സംരംഭകർക്ക് ചടങ്ങിൽ പ്രധാനമന്ത്രി വായ്പാ അനുമതി നൽകി.

(പി.എം. – വോയ്സ്)

***********************************

## പൗരത്വ ഭേദഗതി നിയമം - മന്ത്രിസഭായോഗ തീരുമാനം

പൗരത്വ ഭേദഗതി നിയമത്തിനെതിരെ സംസ്ഥാന സർക്കാർ സ്വീകരിച്ച നിലപാടിന് അനുസൃതമായ നിയമനടപടികൾക്കായി അഡ്വക്കേറ്റ് ജനറലിനെ ചുമതലപ്പെടുത്താൻ മന്ത്രിസഭായോഗം തീരുമാനിച്ചു. സുപ്രീം കോടതി മുഖേന അടിയന്തരമായി നടപടികൾ സ്വീകരിക്കാനുള്ള ചുമതലയാണ് നൽകിയിരിക്കുന്നത്. ഭരണഘടനയുടെ അനുച്ഛേദം 131 പ്രകാരമുള്ള ഒറിജിനൽ സ്യൂട്ട് നേരത്തെ തന്നെ സുപ്രീംകോടതി മുമ്പാകെ സംസ്ഥാനം ഫയൽ ചെയ്തിട്ടുണ്ട്. പൗരത്വ നിയമത്തിന് കീഴിലുള്ള ചട്ടങ്ങൾ കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത സാഹചര്യത്തിലാണ് സുപ്രീംകോടതി മുഖേന തുടർ നിയമ നടപടിക്ക് സംസ്ഥാനം ഒരുങ്ങുന്നത്. കേരളത്തിൽ പൗരത്വ ഭേദഗതി നിയമം നടപ്പാക്കില്ല എന്നതാണ് നിലപാടെന്ന് സംസ്ഥാന സർക്കാർ വ്യക്തമാക്കിയിരുന്നു.

***********************************

## ഡിസൈൻ പോളിസി - മന്ത്രിസഭായോഗ തീരുമാനം

പൊതുമരാമത്ത്, ടൂറിസം നിർമ്മിതികളിൽ കാതലായ മാറ്റം ലക്ഷ്യമിടുന്ന ഡിസൈൻ നയം രൂപീകരിക്കാൻ സംസ്ഥാന മന്ത്രിസഭ തീരുമാനിച്ചു. സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങൾ, കെട്ടിടങ്ങൾ, പാലങ്ങൾ, റോഡുകൾ, തെരുവുകൾ മുതലായവയുടെ രൂപകൽപന സംബന്ധിച്ചുള്ള സമഗ്രനയമാണ് പുറത്തിറക്കുന്നത്. ഇത് പ്രകാരം പ്രത്യേക ടൂറിസം മേഖല, പ്രത്യേക ഹെറിറ്റേജ് മേഖല എന്നിങ്ങനെ പ്രദേശങ്ങളെ ഡിസൈൻ ചെയ്യും. സംസ്ഥാനത്തിൻറെ സമ്പദ്ഘടനയിൽ കാലോചിതമായ മാറ്റം വരുത്താൻ ഡിസൈൻ നയത്തിലൂടെ സാധിക്കുമെന്ന് മന്ത്രി പി.എ. മുഹമ്മദ് റിയാസ് പറഞ്ഞു.

*************************************

## കടമെടുപ്പ് പരിധി

കടമെടുപ്പ് പരിധി സംബന്ധിച്ച കേരളത്തിന്റെ ഹർജിയിൽ ഈ മാസം 21 ന് വിശദമായ വാദം കേൾക്കുമെന്ന് സുപ്രിം കോടതി. കേരളത്തിന് ഒറ്റത്തവണ പാക്കേജെന്ന നിർദേശമാണ് പ്രശ്ന പരിഹാരത്തിന് സുപ്രിംകോടതി ഇന്നലെ മുന്നോട്ടുവച്ചത്. 10,000 കോടി രൂപയെങ്കിലും കിട്ടണമെന്നാണ് സംസ്ഥാനത്തിന്റെ ആവശ്യം. എന്നാൽ ഉപാധികളോടെ 5,000 കോടി നൽകാമെന്ന് കേന്ദ്രം അറിയിച്ചു. വിശദവാദം കേൾക്കണമെന്ന് കേന്ദ്രവും കേരളവും ആവശ്യപ്പെട്ടതോടെയാണ് വാദത്തിനായി ഈ മാസം 21 ലേയ്ക്ക് ഹർജി മാറ്റിയത്.

*************************************

## വി. മുരളീധരൻ

കേന്ദ്രം സഹായമായി വാഗ്ദാനം ചെയ്ത 5000 കോടി രൂപ നിരസിച്ച കേരള സർക്കാരിൻറെ നിലപാട് ജനങ്ങളോടുള്ള വഞ്ചനയാണെന്ന് കേന്ദ്ര സഹമന്ത്രി വി. മുരളീധരൻ.

കടമെടുപ്പ് പരിധി വർദ്ധിപ്പിക്കണമെന്ന ഹർജിയുടെ ലക്ഷ്യം പണമല്ല , രാഷ്ട്രീയമുതലെടുപ്പാണെന്നും അദ്ദേഹം കൊല്ലത്ത് ആരോപിച്ചു. പൗരത്വ ഭേദഗതി നിയമത്തിൻറെ പേരിൽ സംസ്ഥാനത്ത് സ്പർദ്ധയും ഭിന്നിപ്പും ഉണ്ടാക്കാനുള്ള ശ്രമങ്ങളിൽനിന്ന് മാർക്സിസ്റ്റ് പാർട്ടിയും കോൺഗ്രസും പിൻമാറണമെന്നും അദ്ദേഹം പറഞ്ഞു.

************************************

## രാജീവ് ചന്ദ്രശേഖർ - കോപ് 26

സാങ്കേതിക വിദ്യക്കായി മറ്റ് രാജ്യങ്ങളെ ആശ്രയിച്ചിരുന്ന ഇന്ത്യ ഇന്ന് സാങ്കേതിക വിദ്യ കൈമാറുന്ന രാജ്യമായി മാറിയെന്ന് കേന്ദ്ര സഹമന്ത്രി രാജീവ് ചന്ദ്രശേഖർ. **കോപ് 26 നെറ്റ് സീറോ എമിഷൻ ലക്ഷ്യത്തിൽ ഇന്ത്യയുടെ കാഴ്ചപ്പാട്** എന്ന പരിപാടിയിൽ തിരുവനന്തപുരത്ത് വിദ്യാർത്ഥികളുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. സാങ്കേതിക വിദ്യയുടെ സഹായത്തോടെ ആനുകൂല്യങ്ങൾ നേരിട്ട് ലഭ്യമാക്കുന്നതിനുള്ള വിടവ് പരിഹരിച്ചിരിക്കുകയാണ്. ഡിജിറ്റൽ ഇന്ത്യ പദ്ധതി ആഗോള സാങ്കേതിക വിദ്യ മേഖലയിൽ രാജ്യത്തെ മുൻ നിരയിൽ എത്തിച്ചിരിക്കുകയാണെന്നും മന്ത്രി പറഞ്ഞു.

************************************

## സജി ചെറിയാൻ

കേരളത്തിലെ മത്സ്യമേഖലയിൽ 164.47 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചതായി ഫിഷറീസ് മന്ത്രി സജി ചെറിയാൻ. പി.എം.എം.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്താനായി സംസ്ഥാന സർക്കാർ സമർപ്പിച്ച പദ്ധതികളിൽ 11 എണ്ണത്തിനാണ് അനുമതി ലഭിച്ചത്. ഇവയ്ക്കായി ആകെ ചെലവാകുന്ന 164.47 കോടി രൂപയിൽ 90.13 കോടി രൂപ കേന്ദ്രവും 74.34 കോടി രൂപ സംസ്ഥാനവും

വഹിക്കും. 9 സംയോജിത ആധുനിക മത്സ്യബന്ധന ഗ്രാമങ്ങളുടെ വികസനത്തിനായി 61.06 കോടി രൂപ ചെലവഴിക്കും. ആറാട്ടുപുഴ, ചാലിയം, ചെല്ലാനം, നായരമ്പലം, താനൂർ, പൊന്നാനി, ചാലിൽ ഗോപാൽപേട്ട, ഷിരിയ, എടക്കഴിയൂർ എന്നീ മത്സ്യഗ്രാമങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുന്നത്. ഇവയ്ക്ക് പുറമേ ആലുവ, കോഴിക്കോട് എന്നിവിടങ്ങളിൽ 103.4 കോടി രൂപ ചെലവിൽ ആധുനിക മൊത്തക്കച്ചവട ഫിഷ് മാർക്കറ്റുകൾ സ്ഥാപിക്കും.

*************************************

## ഠാക്കൂർ - പ്രസാർ ഭാരതി

ആകാശവാണി, ദൂരദർശൻ വാർത്തകളുടെ നവീകരിച്ച വെബ്സൈറ്റുകൾ കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അനുരാഗ് സിങ്ങ് ഠാക്കൂർ ന്യൂഡൽഹിയിൽ പ്രകാശനം ചെയ്തു. ന്യൂസ് ഓൺ AIR- ആപിന്റെ നവീകരിച്ച പതിപ്പിന്റെ പ്രകാശനവും അദ്ദേഹം നിർവഹിച്ചു. ശബ്ദ - ദൃശ്യ വിതരണം ലക്ഷ്യമിട്ടുള്ള പ്രസാർ ഭാരതിയുടെ '**ശബ്ദ്'** സംരംഭത്തിനും കേന്ദ്രമന്ത്രി തുടക്കം കുറിച്ചു. ജനങ്ങളിലേക്ക് വിവരങ്ങൾ എത്തിക്കുന്നതിൽ നിർണായക പങ്കാണ് ആകാശവാണിയും ദൂരദർശനും വഹിക്കുന്നതെന്ന് അദ്ദേഹം ചടങ്ങിൽ പറഞ്ഞു.

*************************************

## വി. മുരളീധരൻ - കടയ്ക്കാവൂർ സ്റ്റേഷൻ

ചെന്നൈ എഗ്മോർ-ഗുരുവായൂർ എക്സ്പ്രസിന് കടയ്ക്കാവൂർ സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിച്ചതിൻറെ ഫ്ലാഗ് ഓഫ് കേന്ദ്രസഹമന്ത്രി വി. മുരളീധരൻ നിർവഹിച്ചു. കേരളം എന്തു ചോദിച്ചാലും നൽകുന്ന മന്ത്രാലയമാണ് റെയിൽവെ മന്ത്രാലയമെന്ന് മന്ത്രി ചടങ്ങിൽ പറഞ്ഞു. കേരളത്തിൻറെ റെയിൽവെ വികസനത്തിന് വകയിരുത്തിയ 2,744 കോടി

ചരിത്രത്തിലെ ഏറ്റവും ഉയർന്ന തുകയാണെന്നും കേന്ദ്രമന്ത്രി ചൂണ്ടിക്കാട്ടി.

***************************************

## ശബരിമല

മീനമാസ പൂജകൾക്കും പൈങ്കുനി ഉത്രം മഹോൽസവത്തിനുമായി ശബരിമല ക്ഷേത്ര നട തുറന്നു. വൈകുന്നേരം 5 മണിക്ക് ക്ഷേത്ര തന്ത്രിയുടെ മുഖ്യകാർമ്മികത്വത്തിൽ ക്ഷേത്രമേൽശാന്തി ശ്രീകോവിൽ നട തുറന്ന് ദീപങ്ങൾ തെളിച്ചു. തുടർന്ന് അയ്യപ്പഭക്തർ ശരണം വിളികളുമായി പതിനെട്ടാം പടി കയറി അയ്യപ്പ ദർശനം നടത്തി. ഇന്ന് പ്രത്യേക പൂജകൾ ഇല്ല. മീനം ഒന്നായ നാളെ പുലർച്ചെ 5 മണിക്കാണ് നട തുറക്കുക.

***************************************

## മലബാർ ദേവസ്വം ബോർഡ്

മലബാറിലെ ക്ഷേത്രങ്ങൾക്ക് 10 കോടി 92 ലക്ഷം രൂപയുടെ ജീർണ്ണോദ്ധാരണ സഹായം മലബാർ ദേവസ്വം ബോർഡ് അനുവദിച്ചു. ദേവസ്വം മന്ത്രി കെ രാധാകൃഷ്ണൻറെ അധ്യക്ഷതയിൽ ചേർന്ന യോഗമാണ് 634 ക്ഷേത്രങ്ങൾക്കായി തുക അനുവദിച്ചത്. സാമ്പത്തിക പരാധീനത അനുഭവിക്കുന്ന ക്ഷേത്രങ്ങളെ പുനരുദ്ധരിച്ച് മുഖ്യധാരയിലേക്കെത്തിക്കുന്നതിൻറെ ഭാഗമായാണ് നടപടിയെന്ന് മന്ത്രി പറഞ്ഞു.

***************************************

## കെഎസ്എഫ്ഇ

കെഎസ്എഫ്ഇയുടെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ ലാഭവിഹിത തുകയായ 35 കോടി രൂപ സർക്കാരിന് കൈമാറി. കെഎസ്എഫ്ഇ ചെയർമാൻ കെ വരദരാജൻ ധനമന്ത്രി കെ എൻ ബാലഗോപാലിന് ചെക്ക് കൈമാറുകയായിരുന്നു.

*************************************

## വാട്ടർ മെട്രോ

കൊച്ചി വാട്ടർ മെട്രോയുടെ മുളവുകാട് നോർത്ത്, സൗത്ത് ചിറ്റൂർ, ഏലൂർ, ചേരാനെല്ലൂർ എന്നീ നാല് ടെർനമിനലുകൾ മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നാടിന് സമർപ്പിക്കും. രണ്ട് പുതിയ റൂട്ടുകളിലാണ് കൊച്ചി വാട്ടർ മെട്രോ ഞായറാഴ്ച മുതൽ പുതിയതായി സർവ്വീസ് ആരംഭിക്കുന്നത്.

*************************************

## താപനില

സംസ്ഥാനത്ത് അന്തരീക്ഷ താപനില വീണ്ടും ഉയരുന്ന സാഹചര്യത്തിൽ പത്ത് ജില്ലകളിൽ നാളെ വരെ മഞ്ഞ ജാഗ്രത. പാലക്കാട്, കൊല്ലം, കോട്ടയം, തൃശൂർ, പത്തനംതിട്ട, തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ആണ് നാളെ വരെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചത്.

*************************************

## ഐ.എസ്.എൽ

ഇന്ത്യൻ സൂപ്പർ ലീഗ് ഫുടബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് - മോഹൻ ബഗാൻ പോരാട്ടം. രാത്രി 07.30 ന് കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം. നിലവിൽ 17 കളികളിൽ 9 ജയവുമായി അഞ്ചാം സ്ഥാനത്താണ് ബ്ലാസ്റ്റേഴ്സ്.

*************************************

## ഓഹരി + സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബൈ ഓഹരി സൂചിക സെൻസെക്സ് **906** പോയിൻറ് താഴ്ന്ന് **72,762**-ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി **338** പോയിൻറ് കുറഞ്ഞ്

21,998- ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവില കുറഞ്ഞു. ഗ്രാമിന് 40 രൂപ കുറഞ്ഞ് 6,035 രൂപയും, പവന് 320 രൂപ കുറഞ്ഞ് 48,280 രൂപയുമാണ് ഇന്നത്തെ വില.

*******************************************************

************************************

**********************

RNU TVPM